No. CEE/4383/2014/KEAM-2015/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# 2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവു വന്ന സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ്

## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ഒഴിവുവന്ന സർക്കാർ സീറ്റുകൾ നികത്തുന്നതിനായി ഒരു ഓൺലൈൻ അലോട്ട്മെന്റ് **17.09.2015**-ന് പ്രസിദ്ധീകരിക്കുന്നതാണ്. 2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **15.09.2015 വൈകുന്നേരം 7 മണി** മുതൽ **17.09.2015 വൈകുന്നേരം 3 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും** എം.ബി.ബി.എസ്/ബി.ഡി.എസ് **കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** നേരിട്ടോ തപാൽ/ഫാക്സ്/ഇ-മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **18.09.2015, 19.09.2015** എന്നീ തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **19.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| 15.09.2015 (7 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 17.09.2015 (3 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **17.09.2015 (8 pm)** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 18.09.2015 & 19.09.2015 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 19.09.2015, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

**ചുവടെ ചേർക്കുന്ന കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്**

| ക്രമ. നം. | കോളേജ് കോഡ് | **കോളേജുകൾ** |
|---|---|---|
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | | |
| 1 | **DMM** | #DM Wayanad Institute of Medical Sciences, Meppadi P O, Wayanad. |
| 2 | **KDM** | #P K Das Institute of Medical Sciences, Vaniyamkulam, Ottapalam, Palakkad. |
| 3 | **MZM** | #Mount Zion Medical College, Chayalode, Adoor, Pathanamthitta. |
| **# അലോട്ട്മെന്റും അഡ്മിഷനും ബഹു: സുപ്രീം കോടതിയുടെ പരിഗണനയിലുള്ള സ്പെഷ്യൽ ലീവ് പെറ്റീഷനുകളിലും, ബഹു: കേരളാ ഹൈകോടതിയുടെ പരിഗണനയിലുള്ള റിട്ട് അപ്പീലുകളിലും ഉള്ള തീർപ്പിനു വിധേയമായിരിക്കും.** | | |
| **സർക്കാർ ഡെന്റൽ കോളേജ്** | | |
| 1 | **ALD** | Government Dental College, Alappuzha. |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്** | | |
| 1 | **KND** | Pariyaram Dental College, Pariyaram, Kannur |

| | | |
|---|---|---|
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | | |
| 1 | **AAD** | Al-Azhar Dental College, Perumpillichira P O,Thodupuzha, Idukki |

**ഫീസ് നിരക്ക്:**

| | | | |
|---|---|---|---|
| **എം ബി ബി എസ്** | | | |
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 25,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 25,000/- രൂപ | **മറ്റുള്ളവർ** **1,85,000/– രൂപ** |
| **ബി ഡി എസ്** | | | |
| **സർക്കാർ ഡെന്റൽ കോളേജ്** | 23,000/- രൂപ | | |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്** | **50%** സർക്കാർ സീറ്റ് | | |
| Pariyaram Dental College, Pariyaram, Kannur | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (6 സീറ്റ്) * 23,000/- രൂപ | എസ്.ഇ.ബി.സി (8 സീറ്റ്) * 44,000/- രൂപ | **മറ്റുള്ളവർ** **1,20,000/– രൂപ** |
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** Al-Azhar Dental College, Perumpillichira P O,Thodupuzha, Idukki | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 23,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 44,000/- രൂപ | **മറ്റുള്ളവർ** **1,75,000/– രൂപ** |

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെരിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും 1000 രൂപ അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ അലോട്ട്മെന്റിൽ മറ്റു മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല. മറ്റു മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് തുടർന്നുള്ള അലോട്ട്മെന്റ് സംബന്ധിച്ച് പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:– പ്രസ്തുത അലോട്ട്മെന്റ് സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ഇത്തരം കോളേജുകളി ലേയ്ക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം 10 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക്** മെഡിക്കൽ/ഡന്റൽ **കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ അവർക്ക് കോളേജുകളിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

തിരുവനന്തപുരം

15.09.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**